# ഗവ: എൽ പി എസ്, തൈക്കാട്

**പോലീസ് ഗ്രൗണ്ടിന് സമീപം, തൈക്കാട് പി. ഒ**

**Ph:9847553964,8139053964**

**E-mail: thycaudlps@gmail.com**


# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

# 2025-26



**ആമുഖം**

തിരുവനന്തപുരം നഗരത്തിൽ 1920-ൽ സ്ഥാപിതമായ ഗവ. എൽ പി എസ്സ്, തൈക്കാട് pre-Primary മുതൽ നാലാം ക്ലാസ് വരെ 116 വിദ്യാർത്ഥികൾ അധ്യയനം നടത്തുന്നു. ശിശുസൗഹൃദ വിദ്യാലയത്തിൽ ഭൗതിക സാഹചര്യങ്ങൾ വളരെ മുൻപന്തിയിലാണ് . എല്ലാ ക്ലാസ്സ് റൂമുകളും Smart Classroom കളും, High-tech വിദ്യാലയന്തരീക്ഷവുമാണ്. പ്രഥമാധ്യാപികയും 3 പ്രൈമറി അധ്യാപകരും , 3 പ്രീ പ്രൈമറി അധ്യാപകരും, 1 ptcm, 1 Ayah ,1 Cook എന്നീ ജീവനക്കാരാണ് വിദ്യാലയത്തിൽ ഉള്ളത്. സംഗീതം, നൃത്തം, പ്രവൃത്തിപരിചയം എന്നിവയ്ക്ക് വിദഗ്ദ അധ്യാപകർ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നു. സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും PTA, MPTA , SMC, സ്കൂൾ വികസന സമിതി അംഗങ്ങൾ നേതൃത്വം നൽകുന്നു. ആധുനീകരിച്ച കംപ്യൂട്ടറും സ്കൂളിൽ വിദ്യാർത്ഥികൾക്ക് കംപ്യൂട്ടർ ക്ലാസ്സ്, E- Cube English Language Lab , E-library
എന്നിവയിലെ പ്രവർത്തനങ്ങൾ നൽകുന്നതിന് സഹായകമാകുന്നു.

ഈ LP വിദ്യാലയത്തിൽ പ്രാഥമിക വിദ്യാഭ്യാസം നേടി സമൂഹത്തിന്റെ ഉന്നത നിലയിൽ പ്രവർത്തിക്കുന്നവർ ധാരാളമുണ്ട്. അതിൽ ഏറ്റവും ഒടുവിലത്തെ നേട്ടമാണ് 2023-ലെ IAS പരീക്ഷയിൽ ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥി ആരാധിക നേടിയ വിജയം.

തിരുവനന്തപുരം നഗരത്തിലെ ആദ്യ ഗവ: ഇംഗ്ലീഷ് മീഡിയം സ്കൂൾ ആയ ഗവ:LPS തൈക്കാടിന്റ പ്രതാപവും പ്രശസ്തിയും വീണ്ടെടുത്ത് അറിവിന്റെ ആദ്യാക്ഷരങ്ങൾ നുകരുന്ന വിദ്യാർത്ഥികൾക്ക് സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം പ്രദാനം ചെയ്യുക എന്ന ലക്ഷ്യ സാക്ഷാത്ക്കരണത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്ന പ്രവർത്തനങ്ങളാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

# <u>മലയാളം</u>

## <u>ആമുഖം</u>

എല്ലാ കുട്ടികളെയും എഴുത്തിലും വായനയിലും മുന്നിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2025-26 അധ്യയന വർഷം ഗവ: LPS തൈക്കാട് പ്രയാണം ആരംഭിക്കുന്നത്. ഈ ലക്ഷ്യം നേടുന്നതിനായി പിന്നോക്കം നിൽക്കുന്നവരെ കൂടി മുൻധാരയിലെത്തിക്കാനുള്ള പ്രവർത്തനം ആസൂത്രണം ചെയ്തിരിക്കുന്നു. വായിച്ചു വളരുക, ചിന്തിച്ച് വിവേകം നേടുക എന്ന മഹത് വചനത്തിന് പ്രാധാന്യം നൽകിക്കൊണ്ട് സമഗ്ര ഗുണമേന്മ പദ്ധതിയുമായി ഞങ്ങൾ മുന്നോട്ട്.....

## <u>ലക്ഷ്യങ്ങൾ</u>

- എല്ലാവർക്കും എഴുത്തും വായനയും.
- ക്ലാസ്സ് ലൈബ്രറി സ്കൂൾ ലൈബ്രറി ഒരുക്കൽ.
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ.
- മലയാളത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ.
- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക.
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടൽ.
- സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ.

| Sl.No. | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • അക്ഷരം ഉറപ്പിക്കൽ<br>• അടയാളം ഉറപ്പിക്കൽ<br>• വാക്യങ്ങൾ പൂർത്തിയാക്കൽ<br>• ചിത്രം നിരീക്ഷിച്ച് വാക്യങ്ങൾ പൂർത്തീകരിക്കൽ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | അധ്യാപകർ | |
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക. | • ക്ലാസ്സ് ലൈബ്രറി ക്രമീകരിക്കൽ<br>• എല്ലാ ദിവസവും പത്ര വായന.<br>• പുസ്തക വായന.<br>• പുസ്തക ചർച്ച.<br>• വായനാ സാമഗ്രഹികൾ വികസിപ്പിക്കൽ.<br>• സാഹിത്യകാരന്മാരെ പരിചയപ്പെടൽ.<br>• ഇ – വായന.<br>• വായനോത്സവം. | ജൂൺ<br>ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>,,<br>,,<br>,,<br>,, | അധ്യാപകർ | |
| 3. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | • കഥ പൂർത്തിയാക്കൽ.<br>• ചിത്രം നോക്കി കഥ എഴുതൽ.<br>• വായനാകുറിപ്പ് പതിപ്പ് തയാറാക്കൽ<br>• സർഗ്ഗ സൃഷ്ടികൾ പ്രസിദ്ധീകരിക്കൽ.<br>• രചനാ പരിചയ കുറിപ്പ് തയ്യാറാക്കൽ.<br>• രചനോത്സവം. | സെപ്റ്റംബർ<br>ഒക്ടോബർ<br>ജനുവരി<br>ഫെബ്രുവരി-മാർച്ച്<br>ജൂലൈ | അധ്യാപകർ | |

# ഗണിതം

സംഖ്യകളുപയോഗിച്ച് വസ്തുക്കളെ അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും അത് ദൈനംദിന പ്രശ്നങ്ങളിൽ പ്രയോഗികമാക്കുകയും ചെയ്യുക എന്നതാണ് ഗണിത പ്രവർത്തനത്തിന്റെ ലക്ഷ്യം. ആയതിനാൽ ഗണിത പഠനത്തിലുള്ള പിന്നോക്കാവസ്ഥ പരിഹരിച്ച് ഗണിതം ആസ്വദിക്കാനും കൃത്യതയോടും സൂക്ഷ്മതയോടും കൂടി ഗണിതാശയങ്ങൾ വിശദീകരിക്കാനും കുട്ടികളെ പ്രാപ്തരാക്കാനും കുട്ടികളെ പ്രശ്ന നിർദ്ധാരണശേഷി വികസിപ്പിക്കുന്ന തരത്തിലാകണം ഗണിതപഠനം.

| Sl.No. | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1. | കുട്ടികളിൽ സംഖ്യാബോധം വളർത്തണം | • സംഖ്യാ കാർഡുകൾ ഉപയോഗിച്ച് സംഖ്യ ഉറപ്പിക്കൽ<br>• മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് സംഖ്യാബോധം വളർത്തൽ.<br>• സംഖ്യകൾ എണ്ണുന്നതിനും എഴുതുന്നതിനും<br>• കൂട്ടങ്ങളാക്കൽ<br>• സ്ഥാനവിലയനുസരിച്ച് സംഖ്യകൾ വായിക്കുന്നതിനും എഴുതുന്നതിനും. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | അധ്യാപിക | |
| 2. | അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതി നായി | • സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നിവ ഉറപ്പിക്കുന്നു. | ജൂൺ<br>മാർച്ച് | അധ്യാപിക | |
| 3. | രൂപങ്ങൾ തിരിച്ചറിയുന്നതിന് | • ത്രികോണം,വൃത്തം,ചതുരം എന്നീ പ്രധാന രൂപങ്ങൾ ഉൾപ്പെടുന്ന ബഹു രൂപ ചിത്രങ്ങൾക്ക് നിറം നൽകൽ.<br>• ചിത്രം വരയ്ക്കൽ | ജൂൺ | അധ്യാപിക | |
| 4. | നാണയങ്ങൾ തിരിച്ചറിയുന്നതിന്. | • കളിനോട്ടുകൾ പരിചയപ്പെടുത്തുന്നു.<br>• ഇവ ഉപയോഗിച്ച് കളികളിൽ ഏർപ്പെടുന്നു. | ജൂലൈ | അധ്യാപിക | |

# ENGLISH

English as a global language, is essential for all children to master. The curriculum aims for all students to achieve proficiency in English language learning. English language education can also be utilized to foster correct values and attitudes. The Academic master plan for English Has been prepared to enable children and schools to achieve such accomplishment

Aim :- To Speak, Read and Write English without any mistakes.

| Aim | Activities | Time |
|---|---|---|
| Pretest<br><br><br><br><br><br><br><br><br><br><br><br><br><br>Develop the creative speaking and writing. | Listening Skills:<br>• Games, Action songs<br>• Hello English activities<br>• Conversations<br>• Skit stories<br>• Use ICT<br><br>Speaking Skills:<br>• Identify the action words from the picture.<br>• Make the simple sentences using the word about picture.<br>• Make simple description about the picture.<br>• Growing sentences, picture reading, self introductions.<br><br>Reading Skills:<br>• Book reading<br>• Find words<br>• Rhyming words<br>• T B activities<br><br>Writing Skills:<br>• Make word web<br>• Picture description<br>• Make word and sentence<br>• Add more lines | June – March<br><br><br><br><br><br><br><br><br><br><br><br><br><br><br><br>August-September |

| Aim | Activities | Time |
| --- | --- | --- |
| To express thoughts feelings etc. | Reading Skills:<br><br>• Library book reading<br>• Conversation<br>• Stories<br>• Read notice<br><br>Writing Skills:<br><br>• Description<br>• Thoughts | October and November |
| Develop the creative Speaking and writing. | Reading Skills:<br><br>• Library book reading<br>• Conversation<br>• ICT<br>• Reads diary<br><br>Writing Skills:<br><br>• Diary<br>• Description | December-January |
| To improve the presentation power. | Reading Skills:<br><br>• News paper reading<br>• Library book reading<br>• Conversation<br>• Skit<br>• Reads breaking news<br>• Develop story<br><br>Writing Skills:<br><br>• Diary<br>• Letter<br>• Notice proclamation<br>• Thoughts | December-January |

# പരിസരപഠനം

## ലക്ഷ്യങ്ങൾ

ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠന പ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു. വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. വിദ്യാലയത്തിലെ പഠന പിന്തുണാ സംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം | ക്ലാസ്സ് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| ശാസ്ത്രപരമായ അറിവുകളുടെ പരിപോഷ ണം | ശാസ്ത്ര വായനയെ പരിപോഷിക്കാനായി സ്കൂൾ ലൈബ്രറി പ്രയോജനപ്പെടുത്തുന്നു.<br>ശാസ്ത്രസംബന്ധമായ പുസ്തകങ്ങൾ വായിക്കാനുള്ള അവസരങ്ങൾ കുട്ടികൾക്ക് നൽകുന്നു. | സ്കൂൾ വർഷത്തിലുടനീളം ആഴ്ചയിൽ ഒരു ദിവസം | സയൻസ് ക്ലബ് | പി.ടി.എ | IV | |
| | ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തുന്നതിനായി ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.<br>അഗ്രഗണ്യരായ ശാസ്ത്രജ്ഞരുടെ ചിത്രങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. | ആഴ്ചയിൽ ഒരു മണിക്കൂർ | കമ്പ്യൂട്ടർ സയൻസ് ക്ലബ്ബ് കൺവീനർ | | III, IV | |
| ശാസ്ത്ര മാഗസിനുകൾ, ചുവർ മാസികകൾ എന്നിവ രൂപീകരിക്കൽ | ശാസ്ത്രമൂല രൂപീകരണം:<br>ശാസ്ത്രപരമായ അറിവ് തരുന്ന പുസ്തകങ്ങൾ, പേപ്പർ കട്ടിംഗുകൾ ജേണലുകൾ എന്നിവ ശേഖരിച്ച് ശാസ്ത്രമൂല രൂപീകരിക്കുന്നു. | സ്കൂൾ തുറന്ന് ആദ്യ ആഴ്ച | സയൻസ് ക്ലബ്ബ് കൺവീനർ | പി.ടി.എ | I to IV | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം | ക്ലാസ്സ് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| | മാജിക് വാൾ :<br><br>സ്കൂളിനു പൊതുവായി ശാസ്ത്ര സംബന്ധമായ വിഷയങ്ങൾ ഉൾക്കൊള്ളുന്ന പോസ്റ്ററുകൾ, ചിത്രങ്ങൾ പത്രവാർത്തകൾ ഇവ ഉൾപ്പെടുത്തി മാജിക് വാൾ രൂപീകരിക്കുന്നു. | സ്കൂൾ തുറന്ന് ആദ്യ ആഴ്ച | അധ്യാപകർ | പി.ടി.എ | I to IV | |
| ശേഖരണത്തിനും പ്രദർശനത്തിനും ആവശ്യമായ വസ്തുക്കളുടെ കണ്ടെത്തൽ | ശേഖരണം പ്രദർശനം :<br><br>ശാസ്ത്രസംബന്ധമായ വസ്തുക്കൾ, നാണയങ്ങൾ എന്നിവയുടെ പ്രദർശനം സ്കൂൾ തലത്തിൽ സംഘടിപ്പിക്കുന്നു. | | പൂർവ്വ വിദ്യാർത്ഥി | ക്ലാസ്സ് ടീച്ചേഴ്സ് | II to IV | |
| ലഘു പ്രോജക്ടുകൾ ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കൽ | ലഘു പ്രോജക്ട് :<br><br>കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുവാനും അവരുടെ മുന്നറിവുകൾ ശരിയാണോ എന്ന് നിരീക്ഷിച്ച് കണ്ടെത്താനുമുള്ള അവസരങ്ങൾ ഒരുക്കുന്ന ലഘു പ്രോജക്ടുകൾ ക്ലാസ്സ് തലത്തിൽ നൽകുന്നു. | ഓരോ പ്രോജക്ടുമായി ബന്ധപ്പെട്ടിരിക്കുന്നു | | ക്ലാസ്സ് ടീച്ചേഴ്സ് | II to IV | |
| | സെമിനാർ സംഘടിപ്പിക്കൽ :<br><br>ശാസ്ത്രദിനവുമായി ബന്ധപ്പെട്ട ശാസ്ത്രസംബന്ധമായ വിഷയങ്ങളെക്കുറിച്ചുള്ള സെമിനാറുകൾ സംഘടിപ്പിക്കുന്നു. | | | ക്ലാസ്സ് ടീച്ചേഴ്സ് | II to IV | |
| ശാസ്ത്രാഭിരുചി വളർത്തൽ | ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ :<br><br>പുസ്തകത്തിലുള്ളതും അല്ലാത്തതുമായ ലഘു പരീക്ഷണങ്ങൾ കുട്ടികൾക്ക് ചെയ്യാൻ അവസരം ഒരുക്കുന്നു. | ആഴ്ചയിൽ 2 മണിക്കൂർ | സയൻസ് ക്ലബ്ബ് കൺവീനർ | പി.ടി.എ | I to IV | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം | ക്ലാസ്സ് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| ലാബ് സജ്ജീകരിക്കൽ<br><br>പരീക്ഷണ കളരി | കൗതുകമുണർത്തുന്ന രീതിയിൽ ക്ലാസ്സ് തലത്തിൽ അവതരിപ്പിക്കുന്നു.<br><br>ശാസ്ത്രദിനത്തോടനുബന്ധിച്ച് ഇത്തരം പരീക്ഷണങ്ങൾ ചെയ്തു കാണിക്കുവാനുള്ള അവസരം നൽകുന്നു. | ആഴ്ചയിൽ 2 മണിക്കൂർ<br><br>വർഷത്തിലൊരിക്കൽ | സയൻസ് ക്ലബ്ബ് കൺവീനർ ക്ലാസ്സ് ടീച്ചേഴ്സ്<br><br>സയൻസ് ക്ലബ്ബ് കൺവീനർ ക്ലാസ്സ് ടീച്ചേഴ്സ് | പി.ടി.എ<br><br>പി.ടി.എ | I to IV | |